Э-144

# ശൃംഗാരതിലകം

(സവ്യാഖ്യാനം)

## കാളിദാസകൃതി


വ്യാഖ്യാതാ:

വിദ്വാൻ, പി. കുഞ്ഞുണ്ണി മേനോൻ.



ഏ. ആർ. പി. പ്രസ്സിൽനിന്നു് അച്ചടിച്ചു
പ്രസിദ്ധപ്പെടുത്തുന്നതു്.

1112

വില ഒരണ.



പകർപ്പവകാശം ഏ. ആർ. പി. പ്രസ്സിലേക്കുള്ളതാകുന്നു.

2150
I. 144

ശ്രീ

# ശൃംഗാരതിലകം

(ഭാഷാവ്യാഖ്യാനസഹിതം).

1.

സുന്ദരിയായ നായികയെ കാമാൎത്തന്മാരുടെ താപത്തെ ശമിപ്പിക്കുന്ന ഒരു തടാകമാക്കി കല്പിച്ചിരിക്കുന്നു. ജനങ്ങൾ ഉഷ്ണശമനത്തിന്നുവേണ്ടി തടാകത്തിൽ ഇറങ്ങി കുളിക്കുക സാധാരണമാണല്ലൊ.

ബാഹൂ ദ്വൌ ച മൃണാളമാസ്യകമലം
　　ലാവണ്യലീലാജലം
ശ്രോണീ തീൎത്ഥശിലാ ച നേത്രശഫരീ
　　ധമ്മില്ലശൈവാലകം
കാന്തായാഃ സ്തനചക്രവാകയുഗളം
　　കന്ദൎപ്പബാണാനലൈർ-
ദഗ്ധാനാ മവഗാഹനായ വിധിനാ
　　രമ്യം സരോ നിൎമ്മിതം.

ബ്രഹ്മാവു്, കാമദേവന്റെ അസ്ത്രങ്ങളാകുന്ന അഗ്നികൊണ്ടു ദഹിക്കപ്പെട്ടവൎക്കു (കാമാൎത്തന്മാൎക്കു) ഇറങ്ങി കുളിച്ചു താപം ശമിപ്പിക്കുന്നതിന്നുവേണ്ടി, രണ്ടു കൈകളാകുന്ന താമരത്തണ്ടുകളും, മുഖമാകുന്ന താമരപ്പൂവും, സൌന്ദൎയ്യവിലാസമാകുന്ന വെള്ളവും, അരക്കെട്ടാകുന്ന തീൎത്ഥശിലയും, കണ്ണുകളാകുന്ന കരിമത്സ്യങ്ങളും, തലമുടിയാകുന്ന കരിഞ്ചണ്ടിയും, സ്തനങ്ങളാകുന്ന രണ്ടു

ചക്രവാകപ്പക്ഷികളും ഉള്ളതായ സുന്ദരിയാകുന്ന തടാകത്തെ സൃഷ്ടിച്ചു. സുന്ദരികൾ മദനാത്തിയെ ശമിപ്പിക്കുന്നവരാണെന്നു സാരം.

2.

വിരഹിണിയായ നായിക ഭത്താവിന്റെ വരവിനെ പ്രതീക്ഷിച്ചു കുറച്ചു നാൾ കഴിച്ചിട്ടും കാണായ്കയാൽ നിരാശയായിട്ടു പറയുന്നു.

ആയാതാ മധുയാമിനീ യദിപുനർ-
നായാത ഏവ പ്രഭുഃ
പ്രാണാ യാന്തു വിഭാവസൌ യദിപുനർ-
ജന്മഗ്രഹം പ്രാത്ഥയേ
വ്യാധഃ കോകിലബന്ധനേ വിധുപരി-
ദ്ധ്വംസേ ച രാഹുഗ്രഹഃ
കന്ദർപ്പേ ഹരനേത്രദീധിതിരിയം
പ്രാണേശപരേ മന്മഥഃ.

വസന്തകാലത്തെ രാത്രി ഇതാ എത്തിക്കഴിഞ്ഞു. ഇനിയും എന്റെ പ്രാണനായകൻ വന്നുചേരുന്നില്ലെങ്കിൽ ഞാൻ അഗ്നിയിൽ ചാടി ആത്മഹത്യ ചെയ്യുവാൻ ആരംഭിക്കുകയാണു്. (വസന്തകാലം വിരഹികൾക്കു ഉദ്ദീപനകരമാകയാൽ അവർ വിരഹദുഃഖം സഹിക്കുന്നതിന്നു അശക്തരാണല്ലൊ). എനിക്കു പുനർജ്ജന്മമുണ്ടാകുന്നു എങ്കിൽ കുയിലുകളെ ബന്ധിക്കുന്നതിന്നു വേടനായും, ചന്ദ്രനെ ഗ്രസിക്കുവാൻ രാഹുവായും, കാമദേവനെ നശിപ്പിക്കുവാൻ ശിവന്റെ നേത്രാഗ്നിയായും, ഭത്താവിനെ പീഡിപ്പിക്കുന്നതിന്നു കാമദേവനായും ജനിക്കണേ; എന്നു മാത്രമേ പ്രാത്ഥിക്കുന്നുള്ളു. (കുയിൽ, ചന്ദ്രൻ മുതലായ വികാരജനകങ്ങളായ വസ്തുക്കളോടുള്ള നിവ്വേദമാണു ഇതിൽനിന്നും തെളിയുന്നതു്).

3.

നായകൻ തൻെറ ആഗ്രഹനിവൃത്തിക്കവേണ്ടി പല തവണയും നായികയോട്ടു അപേക്ഷിച്ചിട്ടും അവരം അനുകൂലയാകാത്തതുകൊണ്ടു പറയുന്നു.

ഇന്ദീവരേണ നയനം മുഖമംബുജേന
കുന്ദേന ദന്തമധരം നവപല്ലവേന
അംഗാനി ചമ്പകദളൈശ്ച വിധായ വേധാഃ
കാന്തേ! കഥം ഘടിതവാനുപലേന ചേതഃ

അല്ലയോ സുന്ദരി! ബ്രഹ്മാവു കരിങ്കുവളപ്പൂവുകൊണ്ടു നിൻെറ കണ്ണുകളും താമരപ്പൂവുകൊണ്ടു മുഖവും മുല്ലമൊട്ടുകരംകൊണ്ടു പല്ലുകളും പുതിയ തളിർകൊണ്ടു ചുണ്ടുകളും ചമ്പകപ്പുഷ്പങ്ങളുടെ ഇതളുകരംകൊണ്ടു അവയവങ്ങളും സൃഷ്ടിച്ചിട്ടു മനസ്സു മാത്രം കരിങ്കല്ലുകൊണ്ടാണോ സൃഷ്ടിച്ചിട്ടുള്ളതു്? (നിൻെറ അംഗങ്ങരംപോലെ മനസ്സു മൃദുവല്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഇത്ര നാരം അപേക്ഷിച്ചിട്ടും നിനക്കു എന്നിൽ ആർദ്രത തോന്നാതിരിക്കുവാനുള്ള കാരണമെന്തു്?).

4.

നായികാവൎണ്ണന. ശുഭശകുനം കണ്ടതിനാൽ ഉണ്ടാകാവുന്ന ഫലത്തെക്കുറിച്ചു ആശങ്കിക്കുന്നു.

ഏകോഹി ഖഞ്ജനവരോ നളിനീദളസ്ഥോ
ദൃഷ്ടഃ കരോതി ചതുരംഗബലാധിപത്യം
കിം മേ കരിഷ്യതി ഭവദ്വദനാരവിന്ദേ
ജാനാമി നോ നയനഖഞ്ജനയുഗ്മമേതൽ

താമരപ്പൂവിൻെറ ഇതളിനകത്തു ഒരു ഖഞ്ജനപ്പക്ഷി (കരിങ്കുരികിൽ) ഇരിക്കുന്നതു കണ്ടാൽ അയാരംക്കു ചതുരംഗസൈന്യത്തിൻെറ ആധിപത്യം സിദ്ധിക്കുന്നതാണു്. (ചതുരംഗം=ആന തേർ, കുതിര, കാലാരം).

ഭവതിയുടെ മുഖമാകുന്ന താമരപ്പൂവിനകത്തു കണ്ണുകളാകുന്ന രണ്ടു ഖഞ്ജനപ്പക്ഷികളെ കാണുന്ന എനിക്കു എന്തു മഹാ ഭാഗ്യമാണു സിദ്ധിക്കുന്നതെന്നു നിശ്ചയമില്ല (നായികയുടെ മുഖം താമരപ്പൂവുപോലെയും കണ്ണുകൾ ഖഞ്ജനപ്പക്ഷികൾപോലെയും ഏററവും സുന്ദരങ്ങളാണെന്നു താല്പൎയ്യം)

5.

സുന്ദരിയായ ഒരു നായികയെ വൎണ്ണിക്കുന്നു.

യേയേ ഖഞ്ജനമേകമേവ കമലേ പശ്യന്തി ദൈവാൽ കചിൽ
തേ സൎവ്വേ കവയോ ഭവന്തി സുതരാം പ്രഖ്യാതാപ്പൃത്ഥ്വീഭുജഃ
ത്വദ്വക്ത്രാംബുജനേത്ര ഖഞ്ജനയുഗം പശ്യന്തി യേയേ ജനാ—
സ്തേ മന്മഥ ബാണജാലവികലാഃ മുഗ്ദ്ധേ കിമിത്യത്ഭുതം

ആരെല്ലാമാണോ ഭാഗ്യവശാൽ എവിടേയെങ്കിലും വച്ചു താമരപ്പൂവിൽ ഒരു ഖഞ്ജനപ്പക്ഷിയെ മാത്രം കാണുന്നതു്; അവരെല്ലാവരും കവികളും പ്രസിദ്ധന്മാരായ രാജാക്കന്മാരുമായിത്തീരുന്നു. എന്നാൽ ഭവതിയുടെ മുഖമാകുന്ന താമരപ്പൂവിൽ ഉള്ള കണ്ണുകളാകുന്ന രണ്ടു ഖഞ്ജനപ്പക്ഷികളെ കാണുന്നവരെല്ലാം കാമദേവന്റെ അസ്ത്രസമൂഹത്താൽ പരവശന്മാരായിത്തീരുന്നു. അല്ലയോ സുന്ദരി! ഇതെന്തത്ഭുതമാണു്? (തന്റെ മുഖത്തു നോക്കുന്നവരെ കാമവികാരത്തിനു അധീനരാക്കത്തക്ക സൌന്ദൎയ്യം ഭവതിയുടെ മുഖത്തിനുണ്ടെന്നു സാരം)

6.

രാത്രിയിൽ ഗ്രഹണസമയത്തു സുന്ദരിയായ ഒരു സ്ത്രീ വീട്ടിനുപുറത്തു നില്ക്കുന്നതു കണ്ടു് ഒരാൾ പറയുന്നു.

ഝടിതി പ്രവിശ ഗേഹേ മാ ബഹിസ്തിഷ്ഠകാന്തേ!
ഗ്രഹണസമയവേളാ വൎത്തതേ ശീതരശ്മേഃ
തവമുഖമകളങ്കം വീക്ഷ്യ നൂനം സരാഹുഃ
ഗ്രസതി തവ മുഖേന്ദും പൂൎണ്ണചന്ദ്രം വിഹായ

അല്ലയോ സുന്ദരി! നീ വീട്ടിന്നു പുറമേ നില്ക്കരുതു്. വേഗം അകത്തേക്കു പോവുക. എന്തുകൊണ്ടെന്നാൽ; ചന്ദ്രഗ്രഹണസമയം ഇതാ അടുത്തിരിക്കുന്നു. (ഗ്രഹണസമയം പുറത്തു നിന്നാലുണ്ടാകാവുന്ന ദോഷം എന്തെന്നു പറയുന്നു) യാതൊരു കളങ്കവുമില്ലാത്ത നിന്റെ മുഖം കണ്ടിട്ടു രാഹു പൂൎണ്ണചന്ദ്രനെ വിട്ടു നിന്റെ മുഖമാകുന്ന ചന്ദ്രനെ ഗ്രസിക്കും. യാതൊരു സംശയവുമില്ല (ചന്ദ്രനേക്കാൾ കൂടുതൽ ശോഭ നിന്റെ മുഖത്തിന്നുണ്ടെന്നു സ്തുതി).

7.

ശയനഗൃഹത്തിൽനിന്നും പുറത്തുവന്ന നായികയോടു സ്പഷ്ടമായ സംഭോഗചിഹ്നങ്ങളൊന്നും കാണാത്തതിനാൽ സഖി ചോദിക്കുന്നു.

കസ്തൂരീവരപത്രഭംഗനികരോ
 ഭ്രഷ്ടോ ന ഗണ്ഡസ്ഥലേ
നോ ലുപ്തം സഖി! ചന്ദനം സ്തനതടേ
 ധൌതം ന നേത്രാഞ്ജനം
രാഗോ ന സ്ഖലിതസ്തവാധരപുടേ
 താംബൂലസംവൎദ്ധിതഃ
കിം രുഷ്ടാസി ഗജേന്ദ്രമത്തഗമനേ
 കിംവാ ശിശുസ്തേ പതിഃ

അല്ലയോ സഖി! നിന്റെ കവിൾത്തടത്തിൽ കസ്തൂരികൊണ്ടു ഭംഗിയാകുംവണ്ണം എഴുതിയിരിക്കുന്ന പത്തിക്കീററുകളൊന്നുംതന്നെ നശിച്ചുപോയിട്ടില്ല. കുചങ്ങളിൽ പൂശിയിരിക്കുന്ന ചന്ദനവും മാഞ്ഞിട്ടില്ല. കണ്ണിൽ എഴുതിയിരിക്കുന്ന മഷിക്കൂട്ടു കഴുകിക്കളഞ്ഞിട്ടില്ല. നിന്റെ ചുണ്ടുകളിൽ വെററില മുറുക്കി വൎദ്ധിപ്പിച്ചിട്ടുള്ള ചുമപ്പിന്നും യാതൊരു ലോപവും വന്നിട്ടില്ല (സംഭോഗ

ചിഹ്നങ്ങൾ യാതൊന്നും കാണുന്നില്ലെന്നത്ഥം). അതിനാൽ ഹേ സുന്ദരി! നീ ഇന്നലെ ഭത്താവുമായി കലഹിച്ചുവോ? അല്ലെങ്കിൽ നിൻെറ ഭത്താവു ചെറിയ കട്ടിയായിരിക്കുമോ? (ഭത്താവു കട്ടിയാണെങ്കിൽ അയാൾ മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവനായിരിക്കുമല്ലൊ).

8.

മുൻശ്ലോകത്തിൽ കൊടുത്തിരിക്കുന്ന ചോദ്യത്തിനു നായികയുടെ മറുപടി.

നാഹം നോ മമ വല്ലഭശ്ച കുപിതഃ
സുരൂപോ നവാസുന്ദരോ
വൃദ്ധോനോ നച ബാലകഃ കൃശതനുർ-
ന വ്യാധിതോ നോശഠഃ
മാം ദൃഷ്ട്വാ നവയൌവ്വനാം ശശിമുഖീം
കന്ദപ്പബാണാഹതോ
മുക്തോ ദൈത്യഗുരുഃ പ്രിയേണ പുരതഃ
പശ്ചാൽ ഗതോ വിഹ്വലഃ

ഞാനോ എൻെറ ഭത്താവോ അന്യോന്യം കോപിക്കയുണ്ടായില്ല. അദ്ദേഹം സൌന്ദര്യമില്ലാത്തവനോ വൃദ്ധനോ ബാലനോ കൃശനോ രോഗിയോ ശഠനോ അല്ല. എന്നാൽ യൌവ്വനയുക്തയും സുന്ദരിയുമായ എന്നെ കണ്ടിട്ട അദ്ദേഹത്തിനു ആദ്യമേതന്നെ ശുക്ലസ്ഖലനം സംഭവിച്ചു. പിന്നീടു യാതൊന്നിനും ശക്തിയില്ലാതെ പരവശനായി തീരുകയും ചെയ്തു. അതിനാലാണു ഇന്നലെ സംയോഗം ഉണ്ടാകാഞ്ഞതു്.

9.

പ്രണയകുപിതയായ നായിക സംഭോഗത്തിനു സൌകര്യം ലഭിക്കായ്കയാൽ നിവ്വേദത്തോടുകൂടി സഖിയോടു പറയുന്നു. ഈ പദ്യവും ഏഴാമത്തെ പദ്യത്തിൻെറ സമാധാനമായിട്ടു വ്യാഖ്യാനിക്കാം.

സമായാതേ കാന്തേ കഥമപി ച കാലേനബഹുനാ
കഥാഭിർദ്ദേശാനാം സഖി! രജനിരർദ്ധം ഗതവതീ
തതോ യാവല്ലീലാകലഹകുപിതാസ്മി പ്രിയതമേ
സപത്നീവ പ്രാചീദിഗിയമഭവത്താവദരുണാ

ഹേ സഖി! എന്റെ ഭർത്താവു അന്യ നാട്ടിൽനിന്നും വളരെ നാൾ കഴിഞ്ഞതിനു ശേഷമാണു മടങ്ങി എത്തിയതു. അതിനാൽ ഓരോ നാട്ടിലേയും വിശേഷവർത്തമാനങ്ങൾ പറഞ്ഞു രാത്രി പകുതി ഭാഗവും കഴിഞ്ഞുപോയി, പിന്നീടു ഞാൻ അദ്ദേഹത്തിന്റെ നേരെ പ്രണയകലഹം ആരംഭിച്ചു. കുറെ കഴിഞ്ഞു നോക്കിയപ്പോൾ കിഴക്കേ ദിക്കു കോപിഷ്ടയായ സപത്നിയെപ്പോലെ അരുണവർണ്ണയായി തീർന്നു (ഭർത്താവുമായി രസിച്ചിരിക്കുന്നതു സപത്നികൾക്കു കോപഹേതുവാകുന്നു. കോപം വരുമ്പോൾ സ്ത്രീകളുടെ മുഖത്തിനു ചുമപ്പുനിറം ഉണ്ടാകാറുണ്ടല്ലോ. നായകനുമായി കലഹിച്ചുകൊണ്ടിരിക്കുമ്പോൾ അരുണോദയമായി എന്നും അതിനാൽ സംഭോഗത്തിനു സാധിച്ചില്ലെന്നും ഭാവം).

## 10.

ഒരു സ്ത്രീ വെള്ളം നിറച്ചു കുടം എളിയിൽ വച്ചുകൊണ്ടു പോകുന്നതു കണ്ടിട്ടു കാമുകൻ കുടത്തെ സംബോധനം ചെയ്തുകൊണ്ടു സാസൂയം പറയുന്നു

ശ്ലാഘ്യം നീരസകാഷ്ഠതാഡനശതം
ശ്ലാഘ്യഃ പ്രചണ്ഡാതപഃ
ക്ലേശഃ ശ്ലാഘ്യതരഃ സുപങ്കനിചയൈഃ
ശ്ലാഘ്യോതിദാഹോനലൈഃ
യൽ കാന്താകുചപാർശ്വ ബാഹുലതികാ
ഹിന്ദോളലീലാസുഖം
ലബ്ധം കുംഭവര ത്വയാ നഹി സുഖം
ദുഃഖൈർവ്വിനാ ലഭ്യതേ.

അല്ലയോ ശ്രേഷ്ഠമായ കടമേ! (കുടം അചേതനമാണെങ്കിലും അതു ഇപ്പോഴനുഭവിക്കുന്ന സുഖാവസ്ഥയെ ആലോചിച്ചു അതിനു ശ്രേഷ്ഠത്വം കല്പിക്കുന്നു.) നീ യാതൊരു രസവുമില്ലാത്തതായ (ഉണങ്ങിയ) വടികൊണ്ടു വളരെ താഡനം അനുഭവിച്ചിട്ടുണ്ട്. അതു ശ്ലാഘിക്കത്തക്കതു തന്നെ. അതു പോലെ അത്യുഗ്രമായ വെയിൽ ഏററിട്ടുണ്ട്. ചളിയുടെ കൂട്ടത്തിൽ കിടന്നു വളരെ ക്ലേശം അനുഭവിച്ചിട്ടുണ്ടു. അഗ്നിമൂലം അതിയായ ദാഹവും അനുഭവിച്ചിട്ടുണ്ട്. ഇതെല്ലാം ഏററവും ശ്ലാഘിക്കത്തക്കതു തന്നെ. എന്തുകൊണ്ടെന്നാൽ; നീ സുന്ദരിയായ ഇവളുടെ സ്തനങ്ങളുടെ സമീപത്തിൽ വള്ളികൾപോലെ മൃദുക്കളായ കൈകളാൽ താങ്ങിപ്പിടിക്കപ്പെട്ടിട്ടു ഉയ ഞ്ഞാൽ ആടുമ്പോൾ ഉണ്ടാകുന്ന സുഖം അനുഭവിക്കുന്നു. (അനവധി ദുഃഖങ്ങൾ അനുഭവിക്കാതെ സുഖം കിട്ടുകയില്ലല്ലൊ.)

## 11.

ധൂർത്തനായ നായകൻ പരസ്ത്രീകളുടെ സമീപത്തിൽ പോയതിനാൽ നേരം വൈകി ശയനഗൃഹത്തിൽ വന്നുചേൎന്നപ്പോൾ കുപിതയായ നായിക അയാളെ ശാസിക്കുന്നു.

കിം കിം വക്ത്രമുപേത്യ ചുംബസിബലാൽ
നിർല്ലജ്ജ! ലജ്ജാ ന തേ
വസ്ത്രാന്തം ശഠ! മുഞ്ച മുഞ്ച ശപഥൈഃ
കിം ധൂർത്ത! നിർവ്വഞ്ചസേ
ഖിന്നാഹം തവരാത്രി ജാഗരതയാ
താമേവ യാഹി പ്രിയാം
നിർമ്മാല്യോജ്ഝിതപുഷ്പദാമനികരാ
കാ ഷൾപദാനാം രതിഃ

അല്ലയോ നാണമില്ലാത്തവനേ! നീ ബലാൽക്കാരേണ എന്റെ മുഖം പിടിച്ചു ചുംബിക്കുന്നുവോ. നിനക്കു നാണമില്ലല്ലൊ. ഛേ ശഠ! എന്റെ മുണ്ടിന്റെ തുമ്പു വിടുക. ധൂൎത്ത! നീ എന്താണു കളവു പറഞ്ഞു എന്നെ ചതിക്കുവാൻ തുടങ്ങുന്നതു്. രാത്രി നിന്നെ കാത്തു ഉറക്കമിളച്ചിരുന്നു ഞാൻ വളരെ പരവശയായിരിക്കുന്നു. ഏതൊരു സ്ത്രീയുടെ സമീപത്താണോ ഇതുവരെ കഴിച്ചുകൂട്ടിയതു് അങ്ങോട്ടു തന്നെ പൊയ്ക്കൊള്ളൂ. നിൎമ്മാല്യമാക്കി പുറത്തു കളഞ്ഞ പൂമാലയിൽ വണ്ടുകൾക്കു താല്പൎയ്യമുണ്ടാകുമോ? (തലേദിവസം വിഗ്രഹങ്ങളിൽ ചാൎത്തിയിട്ടു പിറേറന്നാൾ വാരി പുറത്തു കളയുന്ന മാല, പൂവു മുതലായവക്കു നിൎമ്മാല്യം എന്നാണു പറയുന്നതു്. നിൎമ്മാല്യമായ പുഷ്പത്തിനു വാസനയില്ലാത്തതിനാൽ വണ്ടുകൾ അടുത്തു വരുന്നില്ല. അതുപോലെ നായകൻ അനുഭവയോഗ്യനല്ലെന്നു താല്പൎയ്യം.)

12.

വ്യഭിചാരിണിയായ സ്ത്രീ വഴിപോക്കനോടു പറയുന്നു.

വാണിജ്യേന ഗതസ്സ മേ ഗൃഹപതിർ-
    വാൎത്താപി ന ശ്രൂയതേ
പ്രാതസ്തജ്ജനനീ പ്രസൂതതനയാ
    ജാമാതൃഗേഹം ഗതാ
ബാലാഹം നവയൌവ്വനാ നിശി കഥം
    സ്ഥാതവ്യമേകാകിനീ
സായം സമ്പ്രതി വൎത്തതേ പഥിക ഹേ!
    സ്ഥാനാന്തരം ഗമ്യതാം

ഗൃഹനായകനായ എന്റെ ഭൎത്താവു കച്ചവടത്തിന്നായിട്ടു അന്യനാട്ടുകളിൽ പോയിരിക്കുന്നു. അദ്ദേഹ

ത്തിൻെറ യാതൊരു വൎത്തമാനവും ഇപ്പോൾ കേൾക്കു ന്നില്ല. അദ്ദേഹത്തിൻെറ അമ്മയാകട്ടെ മകൾ പ്രസ വിച്ച വൎത്തമാനം കേട്ടു ഇന്നുകാലത്തു മകളുടെ ഭൎത്താവി ൻെറ വീട്ടിലേക്കും പോയി. ഞാനാണെങ്കിൽ നവ യൌവ്വനയുക്തയും ബാലയുമാകുന്നു. രാത്രി എങ്ങിനെ യാണു തനിച്ചു കഴിച്ചുകൂട്ടേണ്ടതു്? രാത്രിയാകുന്നതിനു സമയം കുറച്ചുകൂടിയുണ്ടു. അല്ലയോ വഴിപോക്ക! വേ റെ വല്ല ദിക്കിലേക്കും പോവുക. ഇവിടെ നില്ക്കേണ്ട. (ഭൎത്താവു ദൂരദേശവാസിയായതിനാൽ ഭയത്തിനു അവ കാശമില്ലെന്നും വീട്ടിൽ ഞാൻ മാത്രമേയുള്ളുവെന്നും അ തിനാൽ നിർബാധമാകുംവണ്ണം ഇന്നു ഇവിടെ കഴിച്ചു കൂട്ടാമെന്നും ഭാവം)

13.

പുറത്തു ഉറങ്ങിക്കിടക്കുന്ന പാന്ഥനെ കാമകേളി ക്കുവേണ്ടി യുവതി അകത്തേക്കു ക്ഷണിക്കുന്നു.

യാമിന്യേഷാ ബഹളജലദൈർ-
ബദ്ധഭീമാന്ധകാരാ
നിദ്രാം യാതോ മമ പതിരസൌ
ക്ലേശിതഃ കൎമ്മദുഃഖൈഃ
ബാലാ ചാഹം ഖലു ഖലഭയാൽ
പ്രാപ്തഗാഢപ്രകമ്പാ
ഗ്രാമശ്ചോരൈരയമുപഹതഃ
പാന്ഥ! നിദ്രാം ജഹീഹി

ധാരാളം മഴക്കാറുള്ളതുകൊണ്ടു ഇന്നത്തെ രാത്രി ഭ യങ്കരമായ കൂരിരുട്ടു വ്യാപിച്ചിരിക്കുന്നു. എൻെറ ഭൎത്താ വു പകൽ മുഴവനും ജോലിചെയ്തു ക്ഷീണിച്ചതിനാൽ നല്ല ഉറക്കത്തിലായിട്ടുണ്ടു. ബാലയായിരിക്കുന്ന എനി

ക്ക ദുഷ്ടന്മാർ വന്നു ഉപദ്രവിച്ചെങ്കിലോ എന്നു വിചാരിച്ചു ഭയവും തോന്നുന്നു. ഈ ഗ്രാമമാകട്ടെ കള്ളന്മാരാൽ നിറയപ്പെട്ടതാണു്. അതിനാൽ ഹേ പാന്ഥ! അങ്ങു ഉറങ്ങാതിരിക്കുക (ഭർത്താവു ഗാഢനിദ്രയിൽ ലയിച്ചിരിക്കുന്നു. ഇരുട്ടായതിനാൽ ആരും ഒന്നുംതന്നെ അറിയുകയില്ല. അതിനാൽ അകത്തേക്കു വരികതന്നെ എന്നു ഭാവം)

## 14.

പ്രഗത്ഭയായ നായിക വൈദ്യനെ അന്വേഷിച്ചു കൊണ്ടു പോകുന്ന ഒരു യുവാവിനോടു ചോദിക്കുന്നു.

കഃ ഭ്രാതശ്ചലിതോസി? വൈദ്യകഗൃഹേ<br>
കിം തദ്രുജാശാന്തയേ?<br>
കിം തേ നാസ്തി സഖേ! ഗൃഹേ പ്രിയതമാ<br>
സർവ്വം ഗദം ഹന്തിയാ?<br>
വാതം തൽകുചകുംഭമർദ്ദനവശാൽ<br>
പിത്തം തു വക്ത്രാമൃതാൽ<br>
ശ്ലേഷ്മാണം വിനിഹന്തി ഹന്ത! സുരത-<br>
വ്യാപാരഖേദശ്രമാൽ

അല്ലയോ സഹോദര! നീ എവിടേക്കു പോകുന്നു? ഞാൻ വൈദ്യന്റെ വീട്ടിൽ പോവുകയാണു. നിന്റെ സുഖക്കേടു മാററുന്നതിനാണോ? സകല വിധത്തിലുള്ള രോഗവും മാററുന്നതിനു സാമർത്ഥ്യമുള്ള ഭാൎയ്യ, വീട്ടിൽ ഇല്ലയോ? അവളുടെ കുചകുംഭങ്ങളെകൊണ്ടുള്ള മൎദ്ദനം കൊണ്ടു വാതം നശിക്കുന്നു. വക്ത്രമാകുന്ന അമൃതുകൊണ്ടു പിത്തം ശമിക്കുന്നു. സംഭോഗലീലയിൽ ഉണ്ടാകുന്ന ആയാസംകൊണ്ടു കഫത്തിനും ശമനം വരുന്നു (വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങളുടെ കോപം

കൊണ്ടാണു സുഖക്കേടുകൾ ഉണ്ടാകുന്നതു്. അതിൽ വാതം, കിഴി പിഴിച്ചൽ മുതലായതുകൊണ്ടും; പിത്തം തിക്തകരസമുള്ള അമൃതു മുതലായ ദ്രവ്യങ്ങൾകൊണ്ടും; കഫം ശരീരവ്യായാമംകൊണ്ടും ശമിപ്പിക്കാം എന്നു വൈദ്യസിദ്ധാന്തം)

## 15.

### വിരഹിയായ നായകൻ നായികയെ വൎണ്ണിക്കുന്നു.

ത്വന്നേത്രസമാനകാന്തി സലിലേ
　　മഗ്നം തദിന്ദീവരം
മേഘൈരന്തരിതപ്രിയേ തവ മുഖ-
　　ച്ഛായാനുകാരീ ശശീ
യേപി ത്വൽഗമനാനുസാരിഗതയസ്തേ
　　രാജഹംസാ ഗതാ-
സ്ത്വൽസാദൃശ്യവിനോദമാത്രമപി മേ
　　ദൈവേന ന ക്ഷമ്യതേ

ഹേ പ്രിയേ! നിന്റെ കണ്ണുകളെപോലെ ശോഭിച്ചിരുന്ന കരിങ്കുവളപൂവുകൾ വെള്ളത്തിൽ ആണ്ടുപോയി. നിന്റെ മുഖശോഭയെ അനുകരിച്ചിരുന്ന ചന്ദ്രൻ മേഘങ്ങളാൽ മറയ്ക്കപ്പെട്ടു. നിന്നെ അനുകരിച്ചു നടന്നിരുന്ന അരയന്നങ്ങൾ ഇവിടെനിന്നു പോവുകയും ചെയ്തു. അതിനാൽ നിന്നോടു സാദൃശ്യമുള്ള വസ്തുക്കളെ കണ്ടു ആനന്ദിക്കുന്നതിനുള്ള ഭാഗ്യവും ഹതവിധി എനിക്കു അനുവദിച്ചുതരുന്നില്ല.

## 16.

വിരഹിയായ നായകന്റെ അവസ്ഥയെ വർണ്ണിക്കുന്നു.

ചന്ദ്രശ്ചണ്ഡകരായതേ മൃദുഗതിർ-
വാതോപി വജ്രായതേ
മാല്യം സൂചികുലായതേ മലയജാ-
ലേപഃ സ്ഫുലിംഗായതേ
ആലോകസ്തിമിരായതേ വിധിവശാൽ
പ്രാണോപി ഭാരായതേ
ഹാഹന്ത! പ്രമദാവിയോഗസമയഃ
കല്പാന്തകാലായതേ

ശീതാംശുവായിരിക്കുന്ന ചന്ദ്രൻ ഉഷ്ണാംശുവിനെ പോലെ എനിക്കു പീഡയെ ഉണ്ടാക്കുന്നു. ഏററവും മന്ദഗതിയായിരിക്കുന്ന വായു എന്റെ ദേഹത്തിൽ തട്ടുമ്പോൾ വജ്രായുധംപോലെ അതികഠിനനായി തോന്നുന്നു. മൃദുക്കളായ പുഷ്പങ്ങൾകൊണ്ടുണ്ടാക്കിയ മാല, സൂചികൾ കോർത്തുകെട്ടിയതുപോലെ ശരീരത്തെ വേദനിപ്പിക്കുന്നു. ദേഹത്തിൽ ചന്ദനം പൂശുമ്പോൾ തീജ്വാല തട്ടിയതുപോലെ വളരെ ചൂടു തോന്നുന്നു. പ്രകാശമേറിയ സ്ഥലങ്ങൾ ഇരുട്ടിനാൽ മൂടപ്പെട്ടതുപോലെ തോന്നുന്നു. കഷ്ടകാലത്താൽ ജീവൻകൂടി എനിക്കു ഭാരമായിട്ടാണു തോന്നുന്നതു്. ഭാര്യയോടു വേർപിരിഞ്ഞിരിക്കുന്ന സമയം മുഴുവൻ പ്രളയകാലംപോലെ ദീർഘവും ദുസ്സഹവുമായിരിക്കുന്നു. അതു ഏററവും കഷ്ടംതന്നെ.

17.

വിദൂരവാസിയായ നായകൻ തിരിച്ചുവന്നപ്പോൾ നായിക അയാളുടെ അനുചിതകൃത്യത്തെപററി ആക്ഷേപിക്കുന്നു.

പ്രാണേശ! വിജ്ഞപ്തിരിയം മദീയാ
തത്രൈവ നേയാ ദിവസാഃ കിയന്തഃ
സമ്പ്രത്യയോഗ്യസ്ഥിതിരേഷദേശഃ
കരാഃ ഹിമാംശോരപി താപയന്തി

അല്ലയോ ഭത്താവേ! അങ്ങ ഇത്രയും നാൾ എവിടെയാണോ താമസിച്ചിരുന്നത് അവിടെത്തന്നെ കുറേ ദിവസവുംകൂടി കഴിച്ചുകൂട്ടേണമെന്നാണു ഞാൻ അങ്ങയോടു അപേക്ഷിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഈ സ്ഥലം ഇപ്പോൾ താമസിക്കുന്നതിനു പററിയതല്ല. ഏററവും തണുപ്പുള്ള ചന്ദ്രരശ്മികൾ കൂടി ഇവിടെ ചൂടിനെയാണുണ്ടാക്കുന്നത്. (വിരഹികൾക്കു ചന്ദ്രചന്ദനാദികളിൽ ഉഷ്ണപ്രതീതി ഉണ്ടാകുന്നു)

18.

നായകൻ ദേശസഞ്ചാരത്തിനുവേണ്ടി പുറപ്പെട്ടപ്പോൾ വ്യസനിച്ചുകൊണ്ടു നില്ക്കുന്ന നായികയെ സമാധാനിപ്പിക്കുന്നു.

കല്യാണി! ചന്ദനരസൈഃ പരിഷിച്യ ഗാത്രം
ദ്വിത്രാണ്യഹാനി കഥമപ്യതിവാഹയേഥാഃ
അങ്കേ നിധായ ഭവതീം പരിരഭ്യ ദോർഭ്യാം
നേഷ്യാമി സൂര്യകിരണാനപി ശീതളതാം

അല്ലയോ സുന്ദരി! നീ ദേഹത്തിൽ ചന്ദനം പൂശുക മുതലായ ശീതോപചാരങ്ങൾ ചെയ്തു എങ്ങിനേയെങ്കിലും രണ്ടുമൂന്നു ദിവസം കഴിച്ചുകൂട്ടണം. (എനിക്കു

അന്യനാട്ടിൽ പോകാതെ യാതൊരു നിവൃത്തിയുമില്ല. എന്റെ വിരഹത്തിൽ നീ പരവശയാകാതേ പണ്ടിപ്പെട്ടു കഴിച്ചുകൂട്ടുക. രണ്ടുമൂന്നു ദിവസം കഴിഞ്ഞാൽ ഞാൻ മടങ്ങി എത്തിക്കൊള്ളാം). ഞാൻ ഭവതിയെ എന്റെ മടിയിൽവച്ചു കൈകൾകൊണ്ടു ആലിംഗനം ചെയ്തിട്ടു അത്യുഷ്ണങ്ങളായ സൂൎയ്യരശ്മികളെപ്പോലും തണ്ണുപ്പുള്ളതുപോലെ അനുഭവയോഗ്യമാക്കി തീൎക്കാം.

19.

നായികയുടെ മറുപടി.

അന്തസ്ഥിതാ മദനവഹ്നിശിഖാവലീ യം
സം ബാദ്ധ്യതേ കിമിഹ ചന്ദനപങ്കലേപൈഃ
യൽ കുംഭകാരപചനോപരി പങ്കലേപ-
സ്താപായ കേവലമസൌ ന ച താപശാന്ത്യൈ.

ഉള്ളിൽകിടന്നു ഹൃദയത്തെ ചുട്ടുവെണ്ണീറാക്കുന്ന കാമാഗ്നിയുടെ ജ്വാലകളെ പുറമെ ചന്ദനം വാരിപൂശിയാൽ കെടുത്തുന്നതിനു സാധിക്കുമോ? കുശവൻ ചൂളയിൽവച്ചിരിക്കുന്ന കുടങ്ങളുടെ മീതേ ചളിതേക്കുന്നതു ചൂടു പുറത്തുപോകാതെ കുടങ്ങൾ ഉള്ളിൽകിടന്നു നല്ലപോലെ വേകുന്നതിനാകുന്നുവല്ലൊ. അല്ലാതെ ചൂടു കുറക്കുവാൻ വേണ്ടിയല്ല. (അതുപോലെ താപശാന്തിക്കുവേണ്ടി പുറമേ ചെയ്യുന്ന ശീതോപചാരങ്ങൾ വിരഹാഗ്നിയെ ഒന്നുകൂടി വൎദ്ധിപ്പിക്കുന്നതല്ലാതെ തെല്ലെങ്കിലും ശമനം വരുത്തുകയില്ലെന്നു സാരം).

20.

ദൃഷ്ട്വാ യാസാം നയനസുഖമമംഗ!
വാരാംഗനാനാം
ദേശത്യാഗഃ പരമകൃതിഭിഃ കൃഷ്ണം
സാരൈരകാരി

താസാമേവ സ്തനയുഗജ്ജിതാ ദന്തിനഃ
　　സന്തി മത്താഃ
പ്രായോ മൂർഖാഃ പരിഭവവിധൌ
　　നാഭിമാനം ത്യജന്തി.

ഈ നാട്ടിലുള്ള സുന്ദരികളുടെ കണ്ണുകളുടെ ശോഭയെ കണ്ടിട്ട ഏററവും സാധുക്കളായ കൃഷ്ണമൃഗങ്ങൾ ലജ്ജിച്ചു നാടുവിട്ടു കാട്ടുകളിൽ അഭയം പ്രാപിച്ചു. എന്നാൽ അവരുടെ കൊങ്കകളാൽ ജയിക്കപ്പെട്ട മസ്തകങ്ങളോടുകൂടിയ ആനകളാകട്ടെ അഹങ്കാരത്തോടുകൂടി നാട്ടിൽതന്നെ താമസിക്കുകയും ചെയ്യുന്നു. പ്രായേണ മൂഖ്ന്മാർ തോൽവി പററിയാലും ദുരഭിമാനം കൈവെടിയുന്നില്ല. (ഉത്തമന്മാർ അവമാനത്തെ സഹിക്കുന്നില്ല. അവമതി തട്ടിയാൽ അവർ ജനങ്ങളുടെ മുഖത്തു നോക്കുന്നതിനുപോലും ശക്തരല്ല. അതുകൊണ്ടാണു മാനുകൾ കാട്ടുകളിൽ താമസിക്കുന്നതു്. അവിടുത്തെ സുന്ദരികളുടെ കണ്ണുകൾ മാൻകണ്ണുകളേക്കാൾ ശോഭയേറിയവയും കുചങ്ങൾ ആനകളുടെ മസ്തകങ്ങളേക്കാൾ വലിയവയുമാണെന്നു ഭാവം).

21.

പ്രൌഢകളായ വേശ്യാസ്ത്രീകളുടെ സുരതത്തെ വർണ്ണിക്കുന്നു.

ഗാഢാലിംഗനപീഡിതസ്തനതടം
　　സസ്വിദ്യൽകപോലസ്ഥലം
സന്ദഷ്ടാധരമുക്തസീൽകൃതമഭി-
　　ഭ്രാന്തഭ്രു നൃത്യൽകരം
ചാടുപ്രായവചോവിചിത്രമണിതം
　　ഘാതൈരുതൈശ്ചാങ്കിതം
വേശ്യാനാം ധൃതിധാമ പുഷ്പധന്വനഃ
　　പ്രാപ്നോതി ധന്യോ രതം

ഗാഢമാകുംവണ്ണം ആലിംഗനംചെയ്തു മർദ്ദിക്കപ്പെട്ട കുചങ്ങളോടുകൂടിയതും വിയർത്തിരിക്കുന്ന കവിൾത്തടങ്ങളോടുകൂടിയതും ദന്തക്ഷതമേററ ചുണ്ടുകളിൽനിന്നും പുറപ്പെടുന്ന സീൽക്കാരത്തോടുകൂടിയതും, ഇളകികൊണ്ടിരിക്കുന്ന പുരികക്കൊടികളോടും കൈകളോടും കൂടിയതും പലതരത്തിലുള്ള ഫലിതവാക്കുകളെ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതും നിർല്ലജ്ജമാകുംവണ്ണം ശബ്ദിച്ചുകൊണ്ടിരിക്കുന്നതും കാമദേവന്നു ധൈര്യത്തേയും ഉത്സാഹത്തേയും കൊടുക്കുന്നതുമായ വേശ്യാസ്ത്രീസുരതം ധന്യന്മാരായ പുരുഷന്മാർ അനുഭവിച്ചാനന്ദിക്കുന്നു.

22.

മത്തേഭകുംഭപരിണാഹിനി കുങ്കുമാർദ്രേ
കാന്താപയോധരയുഗേ രതിഖേദഖിന്നഃ
വക്ഷോ നിധായ ഭുജപഞ്ജരമദ്ധ്യവർത്തീ
ധന്യഃ ക്ഷപാം ക്ഷപയതി ക്ഷണലബ്ധനിദ്രഃ

ധന്യൻ, സുരതം ചെയ്തതുകൊണ്ടുള്ള ക്ഷീണാധിക്യത്താൽ ആനയുടെ മസ്തകത്തോളം വലുപ്പമുള്ളതും കുങ്കുമച്ചാറണിഞ്ഞിട്ടുള്ളതുമായ ഭാര്യയുടെ സ്തനങ്ങളിൽ കമിഴ്ന്നുകിടന്നു അവളുടെ കൈകളാൽ ആലിംഗനം ചെയ്യപ്പെട്ടിട്ടു പെട്ടെന്നു സുഖമാകുംവണ്ണം ഉറങ്ങി രാത്രി മുഴുവൻ കഴിച്ചുകൂട്ടുന്നു.

23.

മാളികയിൽ ജനലിൽകൂടി വരുന്ന ചന്ദ്രിക ഏററു കൊണ്ടു സുഖിക്കുന്ന നായിക ചന്ദ്രനെ കുററപ്പെടുത്തുന്നു.

ഹേരോഹിണി! ത്വമസി രാത്രികരസ്യ ഭാര്യാ
ഏനം നിവാരയ പതിം സഖി! ദുർവ്വിനീതം
ജാലാന്തരേണ മമ വാസഗൃഹം പ്രവിശ്യ
ശ്രോണീതടം സ്പൃശതി കിം കുലധർമ്മ ഏഷഃ?

അല്ലയോ രോഹിണി! നീ ചന്ദ്രന്റെ ഭാര്യയാണല്ലോ. അവിവേകിയായ നിന്റെ ഭർത്താവിനെ ഈ ദുഷ്പ്രവൃത്തിയിൽനിന്നും തടഞ്ഞു നിർത്തുക. അയാൾ ജനൽ വഴി ഞാൻ കിടക്കുന്ന മുറിയുടെ ഉള്ളിൽ പ്രവേശിച്ച് എന്റെ ജഘനപ്രദേശത്തെ തലോടുന്നു. ഇതു കുലധർമ്മമാണോ? (ഭർത്താവിനെ ശാസിക്കുവാനുള്ള അധികാരം ഭാര്യക്കുണ്ടല്ലോ)

## 24.

അവിദിതസുഖദുഃഖം നിർഗ്ഗുണം വസ്തു കിഞ്ചിൽ
ജഡമതിരിഹ കശ്ചിൽ മോക്ഷ ഇത്യാചചക്ഷേ
മമ തു മതമനംഗസ്മേരതാരുണ്യഘൂർണ്ണൻ-
മദകലമദിരാക്ഷീനീവിമോക്ഷോഹി മോക്ഷഃ

മന്ദബുദ്ധിയായ ഒരുത്തൻ, സുഖദുഃഖങ്ങളെ അറിയാത്തതും നിർഗ്ഗുണവുമായ ഒരു വസ്തുവിനെ മോക്ഷം എന്നു പറയുന്നു. (ബ്രഹ്മസായുജ്യം പ്രാപഞ്ചികസുഖദുഃഖങ്ങളിൽനിന്നു ഭിന്നവും പുനർജന്മമില്ലാത്തതിനാൽ വികാരരഹിതവുമാണല്ലോ) എന്നാൽ എന്റെ അഭിപ്രായമാകട്ടെ, കാമദേവന്റെ മന്ദഹാസമാകുന്ന യൌവനത്താൽ ഇളകിയിരിക്കുന്നവളും, മദത്താൽ മനോഹരമായ ശബ്ദം പുറപ്പെടുവിക്കുന്നവളുമായ സുന്ദരിയുടെ നീവിമോക്ഷം (മടിക്കുത്തു അഴിക്കൽ) തന്നെയാണു മോക്ഷമായിട്ടുള്ളതു എന്നാകുന്നു.

## 25.

കുചങ്ങൾ വീണിരിക്കുന്നതുനോക്കി വിഷാദിച്ചുകൊണ്ടു നില്ക്കുന്ന നായികയോടു ഒരു യുവാവു പറയുന്നു.

ഏനം പയോധരയുഗം പതിതം നിരീക്ഷ്യ
ഖേദം വൃഥാ വഹസി കിം? ഹരിണായതാക്ഷി!
സ്തബ്ധോ വിവേകരഹിതോ ജനതാപകാരീ
യോത്യുന്നതഃ പ്രപതതീതി കിമത്ര ചിത്രം.

ഹേ സുന്ദരി! വീണുപോയ ഈ രണ്ടു കുചങ്ങളെ നോക്കി നീ എന്തിനാണു് വെറുതെ വ്യസനിക്കുന്നതു്? ഇളക്കമില്ലാതേയും വിവേകമില്ലാതേയും ജനങ്ങൾക്കു താപത്തെ ചെയ്തുകൊണ്ടു് ഏററവും ഉന്നതസ്ഥാനത്തുകയറിയിരിക്കുന്നവൻ ക്രമേണ അധഃപതിച്ചു പോകുന്നതിൽ എന്താശ്ചര്യമാണുള്ളതു്. ഇതു ലോകസ്വഭാവമാണല്ലൊ.

## 26.

വിരഹിയായ നായകൻ നായികയെ സമീപത്തു കാണായ്കയാൽ വിലപിക്കുന്നു.

അയി മന്മഥചൂതമഞ്ജരി!
ശ്രവണവ്യായതചാരുലോചനേ!
അപഹൃത്യ മനഃ ക്വ യാസി തൽ
കിമരാജന്യകമത്ര രാജതേ

അല്ലയോ കാമദേവനു അസ്ത്രമായി തീൎന്നിട്ടുള്ളവളെ! ചെവിവരെ നീണ്ടിരിക്കുന്ന മനോഹരമായ കണ്ണുകളോടു കൂടിയവളേ! നീ എന്റെ മനസ്സിനെ അപഹരിച്ചു എവിടേക്കാണു പോകുന്നതു്? ഇതു് രാജാവില്ലാത്ത രാജ്യമായിത്തീൎന്നുവോ? (കള്ളന്മാരെ ശിക്ഷിക്കേണ്ടു ചുമതല രാജാവിനാണല്ലൊ)

27.

നായികാ വൎണ്ണന.

യദി കഥമപി ദൈവാൽ ദുൎഗ്ഗമാൎഗ്ഗേ സ്ഖലിതാം
വിദലതി തനുമദ്ധ്യം ദീയതാം നൈവ ദോഷഃ
പൃഥുനിബിഡകുചാഭ്യാം വൎത്മ പശ്യാംവരൂഢം
കഥയിതുമിവനേത്രേ കൎണ്ണമൂലേ പ്രയാതഃ

കൃശമദ്ധ്യയായിരിക്കുന്ന ഇവൾ കഷ്ടകാലത്താൽ വല്ല ചീത്ത വഴിയിൽക്കൂടി നടന്നു വീഴുകയാണെങ്കിൽ ഞങ്ങളെ കുററപ്പെടുത്തരുതു്. മദ്ധ്യപ്രദേശം ഏററവും ചെറുതാകയാൽ വീഴുന്നതിനു എളുപ്പമുണ്ടു്. എന്തു കൊണ്ടെന്നാൽ തടിച്ചതും ഇടതിങ്ങിയതുമായ കുചങ്ങൾ ഞങ്ങളുടെ വഴി തടഞ്ഞിരിക്കുന്നു. അതിനാൽ ഞങ്ങൾക്കു കാണുവാൻ സാധിക്കുന്നില്ല. ഇപ്രകാരം പറയുവാനായിക്കൊണ്ടോ എന്നു തോന്നുമാറു കണ്ണുകൾ ചെവികളുടെ അടുത്തുചെന്നു നില്ക്കുന്നു. (വീഴ്ച പററാതെ ശരിക്കു നയിക്കേണ്ട ചുമതല കണ്ണുകൾക്കാണല്ലോ. നായികയുടെ മദ്ധ്യപ്രദേശം ഏററവും കൃശവും സ്തനങ്ങൾ പീനങ്ങളും കണ്ണുകൾ ആയതങ്ങളുമാണെന്നൎത്ഥം.)

28.

കോപസ്ത്വയാ ഹൃദി കൃതോ യദി പങ്കജാക്ഷി!
ശോചാമി യത്തവ കിമത്ര വിരോധമന്യൽ
ആശ്ലേഷമൎപ്പയ മദൎപ്പിതപൂൎവ്വമുച്ചൈഃ
തച്ചൈസ്സമൎപ്പയ മദൎപ്പിതചുംബനം ച

അല്ലയോ സുന്ദരി! നിനക്കു എന്റെ നേരെ കോപം തോന്നുന്നുണ്ടെങ്കിൽ ഞാൻ ഏററവും വ്യസനിക്കുന്നു. ഇതിൽ വേറെ എന്തു വിരോധമാണുള്ളതു്. ഞാൻ ആദ്യം അങ്ങോട്ടു തന്നതായ ആലിംഗനം മടക്കി

തന്നേക്ക. അതുപോലെ ആദ്യം തന്ന ചുംബനത്തേയും മടക്കിതന്നേക്കുക. യാതൊരു വിരോധവുമില്ല.

29.

മാനം മാനിനി മുഞ്ച ദേവി! ദയിതേ
മിഥ്യാവചഃ ശ്രൂയതേ
കിം കോപേം നിജസേവകേ യദിവചഃ
സത്യം ത്വയാ ഗൃഹ്യതെ
ദോർഭ്യാം ബന്ധനമാശു ദന്തദലനം
പീനസ്തനാസ്ഫാലനം
ദോഷശ്ചേന്മമ തേ കടാക്ഷവിശിഖൈഃ
ശസ്ത്രൈഃ പ്രഹാരം കുരു.

ഹേ സുന്ദരി! നീ അഭിമാനം കളയുക. എന്നെ പററി ഇല്ലാത്ത വൎത്തമാനം പുറമെ കേൾക്കുന്നുണ്ട്. അതെല്ലാം സത്യമാണെന്നു വിശ്വസിച്ചു ദാസനായ എന്റെ നേരെ കോപിക്കുകയാണോ? നിനക്കു എന്നിൽ വിരോധം തോന്നുന്നുണ്ടെങ്കിൽ എന്നെ ഇപ്രകാരം ശിക്ഷിച്ചുകൊള്ളുക. എങ്ങിനെ എന്നാൽ; നീ നിന്റെ കൈകൊണ്ടു വേഗത്തിൽ എന്നെ ബന്ധിക്കുക. പല്ലുകൊണ്ടു കടിച്ചു മുറിക്കുക. തടിച്ച കുചങ്ങൾകൊണ്ടു മൎദ്ദിക്കുക. കടാക്ഷവീക്ഷണങ്ങളാകുന്ന അസ്ത്രങ്ങൾകൊണ്ടു എന്നെ പ്രഹരിക്ക. ഞാൻ തെററുകാരനാണെങ്കിൽ ഈ ശിക്ഷ ഏല്ക്കുന്നതിനു സന്നദ്ധനാണു്.

30.

കിം മാം നിരീക്ഷസി ഘടേന കടിസ്ഥിതേന
വക്ത്രേണ ചാരുപരിമീലിതലോചനേന
അന്യം നിരീക്ഷ്യ പുരുഷം തവ ഭാഗ്യയോഗ്യം
നാഹം ഘടാങ്കിതകടിം പ്രമദാം ഭജാമി.

നീ എന്താണു് ഒക്കളിയിൽ കുടവും വഹിച്ചു മനോഹരമാകുംവണ്ണം കണ്ണുകൾ പതുക്കെ അടച്ചുകൊണ്ടു അ

സൂയയോടുകൂടി എന്നെ നോക്കുന്നതു്? നിനക്കു യോഗ്യനായ മററു വല്ല പുരുഷന്മാരേയും അന്വേഷിച്ചു പോവുക. കുടം ചുമന്നു അരയിൽ തഴമ്പു പിടിച്ച സ്ത്രീയെ ഞാൻ ആഗ്രഹിക്കുന്നില്ല (ഇതു് മുന്തിരിങ്ങക്കുവേണ്ടി ആശിച്ചിട്ടു നിരാശനായി ഭവിച്ച കുറുക്കൻ തന്നെ)

31.

വിരഹിണിയായ സ്ത്രീ വിരഹിയായ അന്യപുരുഷനോടു പറയുന്നു.

സത്യം ബ്രവീഷി മകരദ്ധ്വജബാണപീഡ
നാഹം ത്വദപ്പീതദ്ദശാം പരിചിന്തയാമി।
ദാസോദ്യ മേ വിഘടിതസ്തവ തുല്യരൂപഃ
സോയം ഭവേന്നഹി ഭവേദിതി മേ വിതൎക്കഃ

കാമാസ്ത്രങ്ങളാൽ പീഡിപ്പിക്കപ്പെട്ടു് ഏററവും വിരഹാതുരനായിട്ടുള്ളവനേ! നീ പറയുന്നതു സത്യമാകുന്നു. എന്നാൽ നീ നോക്കി അറിയുന്നതു പോലെയല്ല ഞാൻ വിചാരിക്കുന്നതു്. നിന്നെപ്പോലെയുള്ള ഒരു കാമുകൻ എനിക്കും ഉണ്ടായിരുന്നു. അയാളും ദുർദൈവവശാൽ എന്നെ വേർപിരിഞ്ഞു എവിടേയോ പോയിരിക്കുന്നു. അയാൾ ഇപ്പോൾ ഉണ്ടോ ഇല്ലയോ എന്നുകൂടി സംശയമാണു്. വിരഹപീഡയാൽ അയാൾ ഒരു പക്ഷെ മരിച്ചിരിക്കാം (നീ വിരഹിയാണെങ്കിലും പത്താമത്തെ അവസ്ഥയായ മരണത്തിൽ എത്തി ചേന്നിട്ടില്ല. അതിനാൽ നിന്നേക്കാൾ കൂടുതൽ വിരഹദുഃഖം എന്റെ നായകനും എനിക്കുമുണ്ടു്. ഉരൽ മദ്ദളത്തിനോടു സങ്കടം പറയുന്നതുപോലെയാണു ഇതു്.)

സമാപ്തം.

2-141
№ 210